04-09-2021

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) – 04/09/2021

1. **സമ്പൂർണ്ണ- വിളകളുടെ ആരോഗ്യത്തിനും ഉയർന്ന വിളവിനും**

കേരളത്തിലെ മണ്ണിൽ വിവിധങ്ങളായ സൂക്ഷ്മ മൂലകങ്ങളുടെ അഭാവം ഉണ്ട്. സൂക്ഷ്മ മൂലകങ്ങളുടെ അഭാവം വിളകളുടെ വളർച്ചയെയും ഉത്പാദന ക്ഷമതയെയും സാരമായി ബാധിക്കുകയും രോഗപതിരോധശേഷി കുറയ്ക്കുകയും ചെയ്യുന്നു.. ഇത് മൂലം സസ്യങ്ങൾ പല തരത്തിലുള്ള പോഷകാഭാവ ലക്ഷണങ്ങൾ കാണിക്കുന്നു. ഉദാഹരണമായി വാഴയിലെ വെള്ള തൂമ്പ്, നെല്ലിലെ പതിര്, പച്ചക്കറി- ഫലവർഗ്ഗ വിളകളിൽ കായ്കളുടെ ആകൃതി മാറ്റം, വലിപ്പക്കുറവ് എന്നിവ ഇത്തരത്തിലുള്ള ലക്ഷണങ്ങളാണ്. മണ്ണിലെ മൂലകങ്ങളുടെ കുറവ് നികത്തുന്നതിനായി വിവിധങ്ങളായ സൂക്ഷ്മ മൂലക മിശ്രിതങ്ങൾ മണ്ണിലേക്ക് ചേർത്ത് കൊടുക്കാറുണ്ട്. പക്ഷേ ഇവ മണ്ണിൽ അടിഞ്ഞു കൂടുകയും തന്മൂലം മണ്ണിന്റെ ഘടനയേയും പരിസ്ഥിതിയേയും ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. ഈ പ്രശ്നത്തിന് ഒരു പരിഹാരമെന്നോണമാണ് കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയ സമ്പൂർണ്ണ.

2. വായ്പ പലിശ സഹായ പദ്ധതി പ്രകാരം വിവിധ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത ക്ഷീര കർഷകർക്ക് 5000 രൂപ വരെ മൃഗസംരക്ഷണ വകുപ്പ് വായ്പാ പലിശ സഹായം നൽകുന്നു. 2017 മുതൽ വായ്പ എടുത്തിട്ടുള്ളതും ലോൺ തുക കൃത്യമായി അടയ്ക്കുന്നതുമായ ക്ഷീരകർഷകർ ഈ ആനുകൂല്യത്തിനായി അടുത്തുള്ള സർക്കാർ മൃഗാശുപത്രിയിൽ അപേക്ഷിക്കേണ്ടതാണെന്നും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകാർക്കും അപേക്ഷ നൽകാവുന്നതാണെന്നും തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

3. സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിലുള്ള കണ്ണൂർ ജില്ലയിലെ പാട്യം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ ബയൊറിസോഴ്സ് ആന്റ് അഗ്രിക്കൾച്ചറൽ റിസർച്ച് എന്ന സ്വയംഭരണ സ്ഥാപനത്തിലേക്ക് 2021-22 പഠന വർഷത്തിലേക്കുള്ള ആനിമേഷൻ ന്യൂട്രിഷൻ ആന്റ് ഫീഡ് പ്ലാന്റ് ടെക്ക്നോളജി, അഗ്രോ പ്രോസസിംഗ് ആന്റ് വാല്യു എഡിഷൻ, ബുച്ചറി സ്ലോട്ടർ ഹൗസ് മാനേജ്മെന്റ് ആന്റ് മീറ്റ് പ്രോസസിംഗ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അടിസ്ഥാന യോഗ്യത പ്ലസ്ടു. പ്രായപരിധി 30 വയസ്സ്. താൽപര്യമുള്ള അപേക്ഷകർ വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ

അപേക്ഷ തപാലിലോ brcmokeri@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ സർട്ടിഫിക്കറ്റിന്റെ കോപ്പി, വയസ്സു തെളിയിക്കുന്ന രേഖ എന്നിവ സഹിതം ഈ മാസം 30- നകം (സെപ്റ്റംബർ 30നകം) അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9447242240** എന്ന നമ്പരിൽ ബന്ധപ്പെടുക.

4. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവകലാശാലയിലെ മാസ്റ്റർ ഓഫ് സയൻസ്, ബി.എസ്.സി, പി.പി.ബി.എം, ഡിപ്ലോമ പ്രോഗ്രാമുകളിലേക്ക് പ്രവേശന നടപടികൾ ആരംഭിച്ചു. https://applications.kvasu.ac.in/ എന്ന വെബ്സൈറ്റ് വഴി ഈ മാസം 15 (സെപ്റ്റംബർ 15) വരെ അപേക്ഷകൾ സമർപ്പിക്കാം.

**പരിശീലന പരിപാടികൾ**

5. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രെയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഈ മാസം 7-ന് ആദായകരമായ പാലുൽപാദനം, 8-ന് വാനില-ശാസ്ത്രീയ പരിചരണ മുറകൾ. 9-ന് ഡയറി ഫാം ലാഭവും നഷ്ടവും, 10-ന് നെല്ലിലെ യന്ത്രവത്കരണം ( Paddy Mechanisation), വാഴപഴത്തിന്റെ വ്യാവസായിക പ്രാധാന്യവും മൂല്യവർദ്ധിത ഉൽപന്നങ്ങളും എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChannel/live/ എന്ന ഫേസ്ബുക്ക് പേജിൽ കൂടി പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

6. കോട്ടയം ജില്ലയിലെ കർഷക പരിശീലന കേന്ദ്രമായ കോഴ ആർ എ റ്റി റ്റി സിയുടെ ആഭിമുഖ്യത്തിൽ ഇന്ന് (04 ന്) വൈകുന്നേരം 7 മണി മുതൽ **തെങ്ങിലെ രോഗ കീട നിയന്ത്രണം** എന്ന വിഷയത്തിൽ ഫേസ്ബുക്ക് ലൈവിലൂടെ പരിശീലനം നൽകുന്നു. www.Facebook.com/rattckozhaofficial എന്ന ഫേസ്ബുക്ക് പേജിലൂടെ തത്സമയം പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

7. തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആന്റ് ട്രയിനിംങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (04-09-2021) **താറാവ് വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം

നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 9188522711 എന്ന ഫോൺ നമ്പരിൽ വാട്സ് ആപ്പ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 6,7,8 തീയതികളിലായി (സെപ്റ്റംബർ 6,7,8) **വരുമാനം ഇരട്ടിയാക്കാൻ തേനീച്ച വളർത്തൽ** എന്ന വിഷയത്തിൽ ത്രിദിന ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **956780455** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ച് റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നൽകുന്നു. ഈ മാസം 9-ന് (സെപ്റ്റംബർ 09-ന്) രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശങ്ങൾ

10. വെള്ളരി വർഗ വിളകളായ പാവൽ, പടവലം, വെള്ളരി, മത്തൻ, കുമ്പളം തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്നതിന് അനുയോജ്യമായ സമയമാണ് സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള കാലം. മുണ്ടകൻ നെൽകൃഷിയിറക്കാനുദ്ദേശമില്ലാത്ത വിരിപ്പ് കൊയ്തൊഴിഞ്ഞ നെൽപ്പാടങ്ങളിലും മറ്റു കൃഷിസ്ഥലങ്ങളിലും വെള്ളരി വർഗ വിളകൾ കൃഷി ചെയ്യുന്നതിനു നിലമൊരുക്കൻ തയ്യാറെടുപ്പുകൾ ആരംഭിക്കാവുന്നതാണ്. സെപ്റ്റംബർ ആദ്യ ആഴ്ച തന്നെ വിത്തുകൾ നേരിട്ടോ നഴ്സറിയിലോ പാകി മുളപ്പിക്കേണ്ടതുണ്ട്. തുടർച്ചയായി വെള്ളരി വർഗ വിളകൾ കൃഷി ചെയ്യാതിരിക്കുന്നതിനും വിള പരിവർത്തനരീതി അവലംബിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കുന്നത് വഴി മണ്ണിന്റെ ഫലഭൂയിഷ്ഠതയും വിള ഉൽപാദനവും കൂട്ടുന്നതിനും അതോടൊപ്പം രോഗകീടബാധ കുറയ്ക്കുന്നതിനും സഹായിക്കും.